## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1771 — 11.02.2013 ൽ മറുപടിയ്ക്ക്

### "ഇ-പഞ്ചായത്ത്" പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | ഡോ:എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) "ഇ-പഞ്ചായത്ത്" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ: വിശദാംശങ്ങൾ എന്തെല്ലാം; | എ) ഉണ്ട്. പഞ്ചായത്ത് പ്രവർത്തനങ്ങളുമായിബന്ധപ്പെട്ട സേവനങ്ങൾ വിവര സാങ്കേതികവിദ്യാ സഹായത്തോടുകൂടി നടപ്പാക്കുന്നതിന് അഖിലേന്ത്യതലത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-പഞ്ചായത്ത്. സംസ്ഥാനങ്ങൾ വികസിപ്പിച്ച് വിന്യസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ പ്രവർത്തനക്ഷമമായിട്ടുള്ള സംസ്ഥാനങ്ങളിൽ അവ തുടർന്നും ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ ആണ് സേവനങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത്. ഇതിനു പുറമേ കേന്ദ്ര സർക്കാർ വികസിപ്പിച്ചിട്ടുള്ള നാഷണൽ പഞ്ചായത്ത് പോർട്ടൽ, പഞ്ചായത്ത് പ്രൊഫൈലർ, ലോക്കൽ ഗവൺമെന്റ് ഡയറക്ടറി എന്നീ സോഫ്റ്റ്‌വെയറുകൾക്ക് ആവശ്യമായ വിവരങ്ങൾകൂടി സംസ്ഥാനം ഈ പരിപാടിയിലൂടെ നൽകി വരുന്നു. സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സോഫ്റ്റ് വെയറുകളിൽ നിന്നുള്ള വിവരങ്ങൾ കേന്ദ്ര സോഫ്റ്റ്‌വെയറുകളിലേക്ക് കൈമാറുന്ന സംവിധാനം വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയാണ് ഇതിലൂടെ പ്രധാനമായും നിർവ്വഹിക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങൾ വർദ്ധിപ്പിക്കാൻ, എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | ബി) | പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനതല പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും, ജില്ലാതലത്തിൽ ജില്ലാതല പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനത്തിനായി 14 ജില്ലാ കോ-ഓർഡിനേറ്റർമാരെയും ജില്ലാ ടെക്നിക്കൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള വിവിധ സോഫ്റ്റ്‌വെയറുകൾ ഇ-പഞ്ചായത്തിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ച് പഞ്ചായത്തുകളിലെ സേവന സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് വരുന്നു. |
| സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നിർവ്വഹണ യൂണിറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഇല്ല. |
| ഡി) | ഇതിനായി, എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | കേരളത്തിൽ ഇ-പഞ്ചായത്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 117.85 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. ഇ -പഞ്ചായത്ത് മിഷൻ മോഡ് പ്രോജക്ട് കാര്യക്ഷമമായും സമയ ബന്ധിതമായും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള മേൽനോട്ടത്തിനും, സാങ്കേതിക സഹായം നൽകുന്നതിനും വേണ്ടി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത ധനസഹായം ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ